**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **23-02-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ എട്ടിക്കുളം ഹൈസ്കൂൾ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ എട്ടിക്കുളം ഹൈസ്കൂൾ റോഡിന് ധനകാര്യ അനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ എട്ടിക്കുളം ഹൈസ്കൂൾ റോഡിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ച വിശദ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് നിർദിഷ്ട പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മടക്കി നൽകിയിരുന്നു. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള റിപ്പോർട്ട് എസ് പി വി ലഭ്യമാക്കുന്ന മുറക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | ധനകാര്യ അനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) | കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തൃപ്തികരമാണെങ്കിൽ മാത്രമേ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന DPR അവലോകനം നടത്തി, ന്യൂനതകൾ ഉള്ള പക്ഷം ആയതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് SPV ക്ക്നൽകുന്നു. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള DPR SPV ലഭ്യമാക്കുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ